ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഞ്ചും ഒഴുകുന്ന ത്രിവേണികളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) ഒഴുകുന്ന ത്രിവേണികൾ ആരംഭിക്കുന്നതിന് ശരാശരി 50 ലക്ഷം രൂപവീതം ചെലവായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രവർത്തന സ്ഥലം	ശരാശരി പ്രതിദിന വിറ്റുവരവ്
1.	കുട്ടനാട്	7,243
2.	അപ്പർ കുട്ടനാട്	12,664
3.	കുണ്ടറ	1,009
4.	പനങ്ങാട്	7,000
5.	ഹരിപ്പാട്	5,101
6.	പുതുപ്പള്ളി	3,000
7.	പറവ	651

കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടലും വിൽപ്പനകേന്ദ്രങ്ങളും

100 (6551) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ഹംസ :
ശ്രീ. സാജു പോൾ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൺസ്യൂമർഫെഡിന് സബ്സിഡി തുക നൽകുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ കാര്യക്ഷമമല്ലാതായാൽ പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ ;

(ഡി) കൺസ്യൂമർ ഫെഡിന്റെ നിലവിലുള്ള ഏതെങ്കിലും വില്പന കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൺസ്യൂമർ ഫെഡിന്റെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങളിൽ നഷ്ടം വരുന്നതിനുള്ള കാരണങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കൺസ്യൂമർഫെഡ് ഉത്സവകാലങ്ങളിൽ ഉൾപ്പെടെ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ സബ്സിഡി നൽകി വിപണനമേളകൾ സംഘടിപ്പിക്കുകയും പൊതുവിപണിയിൽനിന്നും 20% വരെ വിലകുറച്ച് നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖാന്തരവും നടത്തുന്ന നന്മസ്റ്റോറുകളിലൂടെ വർഷംമുഴുവനും 10 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് വിൽപ്പനനടത്തി സംസ്ഥാനത്തെ പൊതുവിപണിയിലെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ നിർണ്ണായകമായ പങ്ക് കൺസ്യൂമർഫെഡറേഷൻ വഹിച്ചുവരുന്നു.

(ബി) കൺസ്യൂമർഫെഡിന് സബ്സിഡി തുക നൽകിവരുന്നുണ്ട്.

(സി) കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹായകരമാണ്.

(ഡി) കൺസ്യൂമർഫെഡിന്റെ നിലവിലുള്ള ഒരു വിൽപ്പനകേന്ദ്രവും നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. എന്നാൽ വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന വിൽപ്പനകേന്ദ്രങ്ങൾ തുടരാൻ അനുവദിക്കുന്നത് അഭിലഷണീയമല്ലെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഇ) ത്രിവേണി വിഭാഗം നീതി സ്റ്റോറുകൾ, നന്മ സ്റ്റോറുകളിൽ 362 എണ്ണമൊഴികെ ബാക്കിയുള്ളവ, നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി ഗ്യാസ്, ത്രിവേണി നോട്ട്ബുക്ക് വിഭാഗം, "ഹരി കറി" നിർമ്മാണ വിഭാഗം എന്നിവ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്.

(എഫ്) കൺസ്യൂമർഫെഡിന് സാങ്കേതികമായുണ്ടായ സാമ്പത്തിക പരിമിതികൾമൂലം ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം സാധനങ്ങൾ ചില കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് കഴിയാതിരുന്ന സാഹചര്യം സംജാതമായതിനാലാണ് ഫെഡറേഷന്റെ ചില സ്ഥാപനങ്ങളിൽ നഷ്ടം ഉണ്ടാകുവാനിടയായത്. സാധനങ്ങളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന അധിക വരുമാനവും സംഘത്തിന്റെ ഫണ്ടുകളും വിനിയോഗിച്ച് സ്റ്റോറുകളിൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly